രജിസ്റ്റർ നമ്പർ :

വിദ്യാർഥി(നി)യുടെ പേര് :

---

KKMDU-AHSE-8/15

## കേരള കലാമണ്ഡലം കല്പിതസർവകലാശാല

വള്ളത്തോൾ നഗർ

### 2015 – 2016 അധ്യയനവർഷം 8–ാം ക്ലാസ്സ് പ്രവേശനം: അഭിരുചി നിർണ്ണയ പരീക്ഷ

**സമയം: 2 മണിക്കൂർ** **11 മേയ് 2015** **മാർക്ക് : 100**

---

I. **1 മുതൽ 50 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. abc എന്നിവയിൽ ശരിയായ ഉത്തരം സൂചിപ്പിക്കുന്ന അക്ഷരം ☐ൽ എഴുതുക. ഓരോ ചോദ്യത്തിനും ഓരോ മാർക്കുവീതം.** (1x50=50)

1. കേരള കലാമണ്ഡലം സ്ഥാപകൻ ആര്?
   a) ആശാൻ b) ഉള്ളൂർ c) വള്ളത്തോൾ

2. കലാമണ്ഡലത്തിന്റെ ചരിത്രം രചിച്ചതാര്?
   a) ഇയ്യങ്കോട് b) ലീല നമ്പൂതിരിപ്പാട് c) ഒളപ്പമണ്ണ

3. കലാമണ്ഡലം സന്ദർശിച്ച ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി ആര്?
   a) ജവഹർലാൽ നെഹ്രു b) ഇന്ദിരാഗാന്ധി c) ഡോ. മൻമോഹൻ സിംങ്

4. കഥകളിയിലെ ഏതു മേഖലയിലായിരുന്നു കലാമണ്ഡലം ഹൈദരലി പ്രശസ്തനായത്?
   a) വേഷം b) സംഗീതം c) മേളം

5. മലയാള ഭാഷയുടെ പിതാവ്?
   a) ചെറുശ്ശേരി b) തുഞ്ചത്തെഴുത്തച്ഛൻ c) കുഞ്ചൻ നമ്പ്യാർ

6. കൂടിയാട്ടത്തിനുപയോഗിക്കുന്ന വാദ്യോപകരണമേത്?
   a) ചെണ്ട b) മദ്ദളം c) മിഴാവ്

7. കേരളത്തിന്റെ ആദ്യമുഖ്യമന്ത്രി ആര്?
   a) ഇ.എം.എസ്. b) കെ. കരുണാകരൻ c) ഇ.കെ. നയനാർ

8. കേരളത്തിന്റെ ഇപ്പോഴത്തെ സാംസ്കാരിക വകുപ്പ് മന്ത്രി?
   a) പി.ജെ. ജോസഫ് b) എം.എ. ബേബി c) കെ.സി. ജോസഫ്

9. കലാമണ്ഡലത്തിന്റെ ആദ്യത്തെ സെക്രട്ടറി ആര്?
   a) എം. മുകുന്ദരാജ b) കെ.വി. കൊച്ചനിയൻ c) എം.കെ.കെ. നായർ

10. കലാമണ്ഡലം ഏതു ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?
    a) മലപ്പുറം b) പാലക്കാട് c) തൃശൂർ

11. കലാമണ്ഡലത്തിന് കല്പിത സർവകലാശാലാ പദവി ലഭിച്ച വർഷമേത്?
    a) 1997 b) 2007 c) 2010

12. 'കൃഷ്ണഗാഥ' കർത്താവാര്?
    a) പൂന്താനം b) മേൽപുത്തൂർ c) ചെറുശ്ശേരി

13. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ച വർഷമേത്?
a) 2010 b) 2012 c) 2013

14. നളചരിതം ആട്ടക്കഥയുടെ കർത്താവാര്?
a) ഉണ്ണായിവാര്യർ b) രാമപുരത്തുവാര്യർ c) അച്യുതവാര്യർ

15. മുപ്പത്തഞ്ചാമത് ദേശീയ ഗയിംസ് ഉദ്ഘാടനം നടന്നത് എവിടെയാണ്?
a) കാര്യവട്ടം b) ശാസ്തവട്ടം c) കോട്ടവട്ടം

16. "നീർമാതളം പൂത്തകാലം" ആരുടെ കൃതിയാണ്?
a) സാറാജോസഫ് b) മാധവിക്കുട്ടി c) ലളിതാംബിക അന്തർജ്ജനം

17. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകം സ്ഥിതിചെയ്യുന്നതെവിടെ?
a) ശാസ്താംകോട്ട b) അഷ്ടമുടി c) കൊച്ചി

18. കേരള സംസ്ഥാനം നിലവിൽ വന്നത്?
a) 1950 ജനുവരി 26 b) 1951 നവംബർ 1 c) 1956 നവംബർ 1

19. പെരിയാർ വന്യമൃഗസംരക്ഷേതം ഏതു ജില്ലയിലാണ്?
a) കോട്ടയം b) പാലക്കാട് c) ഇടുക്കി

20. കേരളത്തിലെ ഏറ്റവും വലിയ മഴക്കാട്?
a) തട്ടേക്കാട് b) സൈലന്റ് വാലി c) ആറളം

21. ലോക സാക്ഷരതാദിനം?
a) സെപ്തംബർ 8 b) ജൂൺ 8 c) നവംബർ 8

22. മഹാത്മാഗാന്ധി ജനിച്ചത്?
a) 1868 ഒക്ടോബർ 2 b) 1869 ഒക്ടോബർ 2 c) 1867 ഒക്ടോബർ 2

23. കേരളത്തിന്റെ ഔദ്യോഗിക പക്ഷി?
a) വേഴാമ്പൽ b) മയിൽ c) ഉപ്പൻ

24. സമ്പൂർണ്ണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ പട്ടണം?
a) എറണാകുളം b) പത്തനംതിട്ട c) കോട്ടയം

25. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം?
a) തൃശൂർ b) എറണാകുളം c) കോട്ടയം

26. കുഞ്ചൻ നമ്പ്യാരുടെ ജന്മദേശമായ കിള്ളികുറിശ്ശിമംഗലം സ്ഥിതി ചെയ്യുന്ന ജില്ല?
a) ആലപ്പുഴ b) തൃശൂർ c) പാലക്കാട്

27. കേരളത്തിലെ ഏറ്റവും വലിയ കായൽ?
a) അഷ്ടമുടി b) പരവൂർ c) വേമ്പനാട്ട്

28. "അറബിക്കടലിന്റെ റാണി" എന്നറിയപ്പെടുന്നത്?
a) ഗോവ b) കൊച്ചി c) മുംബൈ

29. ശബരിമല ഏതു ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?
a) പത്തനംതിട്ട b) ഇടുക്കി c) കോട്ടയം

30. ലോക പൈതൃകമായി യുനസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ കലാരൂപം?
a) കഥകളി b) കഥക് c) കൂടിയാട്ടം

31. അസുരവാദ്യമെന്നറിയപ്പെടുന്നത്?
a) ചെണ്ട b) മദ്ദളം c) തവില്

32. ഭാരതീയ രംഗാവതരണകലകളുടെ പിതാവ്?
a) അഭിനവഗുപ്തൻ b) ഭരതമുനി c) സ്വാതിതിരുനാൾ

33. നൃത്തത്തിന്റെ ഭാരതീയ ദേവൻ?
a) ശിവൻ b) വിഷ്ണു c) ബ്രഹ്മാവ്

34. ശങ്കരാചാര്യരുടെ ജന്മസ്ഥലം?
a) ചെമ്പഴന്തി b) കൊല്ലൂർ c) കാലടി

35. മാമാങ്കം നടന്നിരുന്ന സ്ഥലം?
a) തിരുനാവായ b) ആലപ്പുഴ c) ആലുവ

36. കഥകളിയിലെ ആദ്യ ചടങ്ങ്?
a) പുറപ്പാട് b) കേളി c) തോടയം

37. "ആടുജീവിതം" എന്ന നോവൽ എഴുതിയതാര്?
a) എം.ടി. വാസുദേവൻ നായർ b) തകഴി c) ബന്യാമിൻ

38. "പൂതപ്പാട്ട്" എഴുതിയതാര്?
a) നാലപ്പാട്ട് നാരായണമേനോൻ b) ഇടശ്ശേരി ഗോവിന്ദൻ നായർ
c) ഇടപ്പള്ളി രാഘവൻ പിള്ള

39. 'ധ്വനി' എന്ന മലയാള ചലച്ചിത്രത്തിലെ "ജാനകീജാനേ രാമാ" എന്നു തുടങ്ങുന്ന സംസ്കൃത ഗാനം രചിച്ചതാര്?
a) ഒ.എൻ.വി. b) കെ. ജയകുമാർ c) യൂസഫലി കേച്ചേരി

40. കലാമണ്ഡലത്തിൽ കൂടിയാട്ടം പഠിപ്പിച്ച ആദ്യത്തെ ആചാര്യൻ?
a) അമ്മന്നൂർ മാധവചാക്യാർ b) മാണി മാധവചാക്യാർ c) പൈങ്കുളം രാച്ചാക്യാർ

41. കലാമണ്ഡലത്തിൽ മോഹിനിയാട്ടം പഠിപ്പിച്ചു തുടങ്ങിയ ആദ്യ ഗുരു?
a) തോട്ടശ്ശേരി ചിന്നമ്മുഅമ്മ b) കല്യാണിക്കുട്ടിയമ്മ c) കലാമണ്ഡലം സത്യഭാമ

42. ഇവരിൽ കഥകളി വേഷക്കാരൻ ആരാണ്?
a) അപ്പുക്കുട്ടിപ്പൊതുവാൾ b) കൃഷ്ണൻകുട്ടിപ്പൊതുവാൾ c) രാമൻകുട്ടി നായർ

43. 2016-ലെ തൃശൂർ പൂരം ഏതു തീയതിയിലാണ്?
a) ഏപ്രിൽ 15 b) ഏപ്രിൽ 16 c) ഏപ്രിൽ 17

44. വേറിട്ട വാദ്യമേത്?
a) തിമില b) മദ്ദളം c) ഇലത്താളം

45. സാർവദേശീയ തൊഴിലാളിദിനമേത്?
a) മെയ് 1 b) ഏപ്രിൽ 1 c) ജൂലൈ 1

46. രാമനാട്ടത്തിന്റെ ഉപജ്ഞാതാവാര്?
a) സാമൂതിരി b) കൊട്ടാരക്കരത്തമ്പുരാൻ c) രാമവർമ്മ

47. "രണ്ടാമൂഴം" ആരുടെ കൃതിയാണ്?
a) എം.ടി.വാസുദേവൻ നായർ b) വി.ടി. ഭട്ടതിരിപ്പാട് c) എസ്.കെ. പൊറ്റക്കാട്

48. കുമാരനാശാന്റെ കൃതിയേത്?
a) മാമ്പഴം b) കന്നിക്കൊയ്ത്ത് c) ദുരവസ്ഥ

49. ശരിയായ രൂപമേത്?
a) വിദ്യാർധി b) വിദ്യാർത്ഥി c) വിധ്യാർത്ഥി

50. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി ആരായിരുന്നു?
a) എം.എ. ബേബി b) കെ. ചന്ദ്രശേഖരൻ c) പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

**II  51 മുതൽ 60 വരെയുള്ള ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതണം. ഓരോ ചോദ്യത്തിനും ഓരോ മാർക്കുവീതം.** (1x10=10)

51. 'ഒരൊറ്റമതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
    പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം' - ആരുടെ വരികളാണിത്?

52. 'ഒരു വേള പഴക്കമേറിയാലിരുളും മെല്ലെ വെളിച്ചമായ് വരാം
    ശരിയായ് മധുരിച്ചിടാം സ്വയം പരിശീലിപ്പൊരു കയ്പുതാനുമേ' - എഴുതിയതാര്?

53. പശ്ചിമഘട്ടമലനിരകളുടെ വിളിപ്പേര്?

54. ഏതു സർവകലാശാലയാണ് കലാമണ്ഡലം രാമൻകുട്ടി നായർക്ക് ഡോക്ടറേറ്റ് നൽകി ആദരിച്ചത്?

55. 'ഈ പൊക്കമില്ലായ്മയാണെന്റെ പൊക്കം' എന്നു പറഞ്ഞ കവി ആര്?

56. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായ ഇടുക്കി പദ്ധതിയുടെ ജലസംഭരണി ഏതു നദിയിലാണ്?

57. ആലുവയിലെ FACT സ്ഥാപിച്ച തിരുവിതാംകൂർ മഹാരാജാവ്?

58. ശുചിത്വ പരിപാലനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പുരസ്കാരം?

59. പടയണി നടക്കുന്ന കടമ്മനിട്ടക്കാവ് ഏതു ജില്ലയിലാണ്?

60. അന്താരാഷ്ട്ര പ്രകാശവർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ അംഗീകരിച്ചത് ഏതു വർഷത്തെയാണ്?

**II  61 മുതൽ 64 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കുറിപ്പെഴുതുക. ഓരോ ചോദ്യത്തിനും അഞ്ച് മാർക്കുവീതം.** (4x5=20)

61. ജലസംരക്ഷണം

62. കുടുംബശ്രീ

63. നാടൻ കലകൾ

64. ഓണാഘോഷം

**IV.  65 മുതൽ 66 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ട് പുറത്തിൽ ഉപന്യാസം എഴുതുക. ഓരോ ചോദ്യത്തിനും പത്ത് മാർക്കുവീതം.** (2x10=20)

65. നാട്ടിലെ കൂട്ടുകെട്ട്.

66. ആസ്വാദനം തയ്യാറാക്കുക:

"കിഴവനാണെങ്കിലുമക്കൃഷിക്കാരൻ-തൻ
വയലിൻ വരമ്പത്തുവന്നിരിക്കും.
മക്കളക്കണ്ടം കിളയ്ക്കുന്നതും നോക്കി
നട്ടുച്ചയോളം ചടഞ്ഞിരിക്കും
ചളിയിൽപ്പുരണ്ടവരൂരുന്നകാളതൻ
കളിയോട്ടം കണ്ടു ചൊടിച്ചിരിക്കും"

(ഒലി - ഒളപ്പമണ്ണ)

---

*ഉത്തരങ്ങൾ ഇവിടെ നിന്നും എഴുതി തുടങ്ങേണ്ടതാണ്*

---